**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **09-12-2022 - ൽ മറുപടിയ്ക്ക്**

**മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നാണ് രൂപീകൃതമായത്; | (എ) | 30.10.2020ലെ സർക്കാർ ഉത്തരവ്(അച്ചടി)നം.57/2020/ഗതാഗതം (SRO No.757/2020 പ്രകാരം 1.11.2020 തീയതി പ്രാബല്യത്തിൽ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. |
| (ബി) | പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കൊച്ചി മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിലവിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്പെഷ്യൽ ഓഫീസർ എന്നീ തസ്തികകൾക്കു പുറമേ മറ്റു നിയമനങ്ങൾ (ടെക്നിക്കൽ ആൻഡ് നോൺ ടെക്നിക്കൽ സ്റ്റാഫ്) നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിനുശേഷം അതോറിറ്റി പൂർണ തോതിൽ പ്രവർത്തനസജ്ജമാവുന്നതാണ്. |
| (സി) | 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്ന റെഗുലേഷനുകളുടെ കരട് എന്നാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റെഗുലേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അംഗീകാരം നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (സി) | കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷനുകളുടെ കരട് 28.4.2021 ന് സർക്കാറിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ആയത് നിലവിൽ സർക്കാറിന്റെ പരിശോധനയിലാണ്. ഉചിത പരിശോധനകൾ കഴിയുന്ന മുറക്ക് അംഗീകാരം നൽകുന്നതാണ്. |
| (ഡി) | അതോറിറ്റിയുടെ അധികാര പരിധിയിൽ ജി.സി.ഡി.എ. (ഗ്രെയ്റ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെയും അധികാര പരിധിയിലുള്ള പ്രദേശങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിജ്ഞാപനം എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | 23.11.2022ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.32/2022 ഗതാഗതം (SRO No.1178/2022) പ്രകാരം കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിധിയിൽ ജിസിഡിഎ (ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി) യുടെയും ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെയും അധികാരപരിധിയിലുള്ള പ്രദേശങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൊച്ചി മുൻസിപ്പൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിൽ ഉൾപ്പെട്ട പ്രദേശങ്ങളോടൊപ്പം 9 മുൻസിപ്പാലിറ്റികളും 29 പഞ്ചായത്തുകളുമാണ് ഇപ്രകാരം കൂട്ടിച്ചേർത്തിട്ടുള്ളത്. |
| (ഇ) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്കായി 2022 -23ലെ സംസ്ഥാന ബജറ്റിൽ മൂന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 19.10.2022-ന് ബഹു: മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (എഫ്) | പ്രസ്തുത അപേക്ഷ ഇ2/17/2022/ഗത. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷയിൽ പറഞ്ഞിരിക്കുന്ന; കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന റെഗുലേഷനുകളുടെ കരട് വിജ്ഞാപനം, അതോറിറ്റിയിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യവും ശമ്പളക്കാര്യവും, കെ എം ടി എയുടെ അധികാരപരിധിയിൽ ജിസിഡിഎ , ജിഡ എന്നിവ കൂടി ഉൾപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ 19.11.2022ലെ ഇ2/17/2022/ഗത. നമ്പർ കത്ത് പ്രകാരം ബഹു. എംഎൽഎയെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ